**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4739.** **26.10.2016 ന് മറുപടിയ്ക്ക്**

**സ്കൂൾ, കോളേജ് പരിസരങ്ങളിലെയും വിനോദ സഞ്ചാര കേന്ദ്രങ്ങളിലെയും മയക്കമരുന്ന് ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പലയിടങ്ങളിലും, വിശിഷ്യാ സ്കൂൾ, കോളേജ് പരിസരങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വർണ്ണാഭമായ പായ്ക്കറ്റുകളിലും ടിന്നുകളിലും ചെറിയ ട്യൂബുകളിലും വാനില, പിസ്ത, സ്ട്രോബറി, ബദാം തുടങ്ങിയ പേരുകളിൽ മയക്ക മരുന്ന് ചേർത്ത സാധനങ്ങൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇവ നിർമ്മിച്ച് പാക്കറ്റിലാക്കുന്ന സ്ഥലങ്ങളിലും വില്പന നടത്തുന്ന ഇടങ്ങളിലും ഉദ്യോഗസ്ഥർ എത്ര തവണ മിന്നൽ പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | പരാതികളുടെയും രഹസ്യവിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധയിടങ്ങളിലായി നടത്തിയ 72 മിന്നൽ പരിശോധനകളിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയിട്ടില്ല. |
| (സി) | അന്വേഷണ ഉദ്യോഗസ്ഥരുടെ അനാസ്ഥ, പ്രശ്നം ഗുരുതരമാക്കി തീർക്കുകയാണെന്ന ആക്ഷേപം പരിഗണിച്ച് ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | അന്വേഷണ ഉദ്യോഗസ്ഥരുടെ അനാസ്ഥ, പ്രശ്നം ഗുരുതരമാക്കി തീർക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**